**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4412** **28-10-2021 - ൽ മറുപടിയ്ക്ക്**

**ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്ന ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് പിഴ ഒഴിവാക്കിനൽകി രജിസ്ട്രേഷൻ പുതുക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (എ) | 1955 -ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുമ്പോൾ കാലതാമസം വരുത്തിയതിന് ഒടുക്കേണ്ട പിഴ ഒഴിവാക്കുന്നത് സംബന്ധിച്ച് ടി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ടി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ, വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുമ്പോൾ, സംഘത്തിനും ഭരണസമിതിയിലെ ഓരോ അംഗത്തിനും 400/- രൂപ എന്ന നിരക്കിൽ, കാലതാമസം വരുത്തുന്ന ഓരോ വർഷത്തിനും പിഴ ഒടുക്കേണ്ടതാണ്. എന്നാൽ മുടക്കം വന്ന വർഷത്തിന് 500/- രൂപ മാത്രം എന്ന നിരക്കിൽ ഒടുക്കി വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകിക്കൊണ്ട് 30/09/2021 തീയതിയിലെ ജി.ഒ(പി)നം.86/2021/ടാക്സസ് പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ